# മുക്കം മുസ്‌ലിം യതീംഖാന കമ്മറ്റി

الهلال الأحمر الإماراتي
Emirates Red Crescent

# റെഡ്ക്രസന്റ് ഓർഫൻ ഹോംകെയർ & റിലീഫ് കമ്മിറ്റി

കഴിഞ്ഞ 62 വർഷമായി അനാഥ - അഗതി ക്ഷേമ രംഗത്തും ആതുര-വിദ്യാഭ്യാസ മേഖലയിലും സ്തുത്യർഹമായ സേവനങ്ങൾ നടത്തിവരുന്ന മഹത്തായൊരു സ്ഥാപനമാണ് മുക്കം മുസ്‌ലിം യതീംഖാന. ഉറ്റവർ മരണപ്പെട്ടു പോവുകയോ രോഗപീഡകളാൽ കഷ്ടത അനുഭവിക്കുകയോ ചെയ്യുന്നതിനാൽ സമുഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയ ബാലികാ ബാലന്മാരെ കണ്ടെത്തി പൂർണ പരിരക്ഷയും വിദ്യാഭ്യാസവും ശുശ്രൂഷയും നൽകുന്നതിൽ സ്ഥാപനം ഇതിനകം ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കഴിഞ്ഞ ആറു ദശകങ്ങൾക്കിടയിൽ ഇങ്ങനെ നിരാലംബരും നിർധനരുമായ അസംഖ്യം കുട്ടികളെയാണ് സ്ഥാപനം രാജ്യത്തിനും സമുഹത്തിനും ഉപകരിക്കും വിധം വളർത്തിവലുതാക്കി നാടിന് സമർപ്പിച്ചത്. ഇതിൽ പലരും സമുന്നതമായ ജോലി നേടിയവരും രാജ്യത്തിന്റെ തന്നെ യശസ്സുയർത്തിയ ഉദ്യോഗങ്ങളിൽ മികവ് തെളിയിച്ചവരുമാണ് .

## എമിറേറ്റ്സ് റെഡ് ക്രസന്റ് അനാഥ സംരക്ഷണ അപേക്ഷ സമർപ്പിക്കാനാവശ്യമായ രേഖകൾ

**മുക്കം മുസ്‌ലിം യതീംഖാനയുടെ ഹോം കെയർ യൂണിറ്റ് മുഖേന 4225 അനാഥമക്കൾക്ക് വീട്ടിൽ നിന്ന് പഠിക്കുവാൻ ഒരു കുട്ടിക്ക് മാസന്തോറും 2300 രൂപ എമിറേറ്റ്സ് റെഡ് ക്രസന്റ് ഗ്രാന്റ് ഇപ്പോൾ നൽകിവരുന്നുണ്ട്. ( അപേക്ഷ സമർപ്പികുവാനുള്ള പ്രായപരിധി 15 വയസ്സ് ) ഒന്നിലധികം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഓരോ കുട്ടിക്കും വെവ്വേറെ രേഖകൾ വേണം.**

1. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്
(അക്ഷയ സെന്ററിൽ നിന്ന് ലഭിക്കുന്ന ഇംഗ്ലീഷ് പ്രിന്റഡ് സർട്ടിഫിക്കറ്റ്)
2 പിതാവിന്റെ മരണ സർട്ടിഫിക്കറ്റ്
(അക്ഷയ സെന്ററിൽ നിന്ന് ലഭിക്കുന്ന ഇംഗ്ലീഷ് പ്രിന്റഡ് സർട്ടിഫിക്കറ്റ്)
3. കുട്ടിയുടെയും രക്ഷിതാവിന്റെയും 2 കോപ്പി പാസ്പോർട്ട് സൈസ് ഫോട്ടോ.
4. രക്ഷിതാവിന്റെ വോട്ടേഴ്സ് ഐ.ഡി, റേഷൻ കാർഡ്, ആധാർ കാർഡ് കോപ്പി,
5. രക്ഷിതാവിന്റെ വരുമാന സർട്ടിഫിക്കറ്റ് (വരുമാന പരിധിയില്ല)
6. കുട്ടിയുടെ ഫുൾസൈസ് ഫോട്ടോ 1 കോപ്പി ( 6*4) സൈസ് )
7. സ്കൂളിലെ അവസാന പരീക്ഷയുടെ മാർക്ക് ലിസ്റ്റ്
8. ഉമ്മയല്ല രക്ഷിതാവെങ്കിൽ രക്ഷിതാവും കുട്ടിയുമായുള്ള ബന്ധം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
9. കുട്ടിയുടെ ആധാർ കോപ്പി
10. മഹല്ലിന്റെ കത്ത് (പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ഫോൺ നമ്പർ സഹിതം)

■ **കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിലും, പിതാവിന്റെ മരണ സർഫിക്കിറ്റിലും പിതാവിന്റെ പേര് ഒന്നു തന്നെയെന്നു ഉറപ്പ് വരുത്തുക (അക്ഷര വ്യത്യാസം പാടില്ല).**

■ **അപേക്ഷ നൽകുന്നതിനു മുമ്പായി കേരളത്തിലെ മറ്റു റെഡ് ക്രസന്റ് ഏജൻസികളിൽ അപേക്ഷ നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുക .അത്തരം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും**

**വി.ഇ.മോയിഹാജി, ജനറൽ സെക്രട്ടറി M.M.O**

**മരക്കാർ മാസ്റ്റർ, സെന്റർ മാനേജർ : 9746995303**

## സംശയങ്ങൾക്ക് വിളിക്കുക. ഓഫീസ് : 0495 2297522, 8547177172

കല മുക്കം 9846507577